# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3113**

**20-06-2014 ൽ മറുപടിയ്ക്ക്**

## കാർഷിക ആവശ്യത്തിനുള്ള സൗജന്യ വൈദ്യുതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ബാബു.എം.പാലിശ്ശേരി | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക ആവശ്യത്തിനുള്ള വൈദ്യുതി സൗജന്യമായി നൽകിയതിന്റെ ഭാഗമായി കൃഷി വകുപ്പ് എത്ര കോടി രൂപ കെ.എസ്.ഇ.ബി യ്ക്ക് ഇതുവരെ കൊടുത്തു തീർക്കാനുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | കാർഷിക വൈദ്യുതി സൗജന്യ പദ്ധതി പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷാവസാനം വരെ (31-03-2014 വരെ) കൃഷിവകുപ്പ് കണക്കാക്കിയിട്ടുള്ള കുടിശ്ശിക തുക 1145.55013 ലക്ഷം രൂപ (പതിനൊന്ന് കോടി നാല്പത്തി അഞ്ച് ലക്ഷത്തി അമ്പത്തി അയ്യായിരത്തി പതിമൂന്ന് രൂപ ) യാണ്. |
| (ബി) | വൈദ്യുതി സൗജന്യമായി ലഭിക്കാൻ മിനിമം എത്ര സെന്റ് സ്ഥലത്ത് കൃഷി ചെയ്യണമെന്ന് വ്യക്തമാക്കുമോ; ഇതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കാമോ? | (ബി) | വൈദ്യുതി സൗജന്യമായി ലഭിക്കുവാൻ മിനിമം 30 സെന്റ് വസ്തു കൈവശമുണ്ടായിരിക്കുകയും അതിൽ 75% കൃഷിയുണ്ടായിരിക്കുകയും വേണം. എന്നാൽ 10 സെന്റ് പച്ചക്കറി കൃഷി ചെയ്യുന്ന കർഷകരും 5 സെന്റ് വെറ്റില കൃഷി ചെയ്യുന്ന കർഷകരും അർഹരാണ്. ജി.ഒ (എം.എസ്) 311/95/ കൃഷി തീയതി 31-08-1995 പ്രകാരം നെൽകൃഷിയ്ക്ക് ഭൂപരിധിയില്ലാതെ വൈദ്യുതി സൗജന്യം അനുവദിച്ചുകൊണ്ടും ജി.ഒ (എം.എസ്) 235/98/കൃഷി തീയതി 31-10-1998 പ്രകാരം 2 ഹെക്ടർ വരെയുള്ള എല്ലാ കാർഷിക വിളകൾക്കും 01-04-1997 മുതൽ ഈ ആനുകൂല്യം ബാധകമാക്കികൊണ്ടും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ